**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3206** | **25-10-2021 - ൽ മറുപടിയ്ക്ക്**

**നെന്മാറ നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിലെ സ്കൂളുകൾ തുറക്കാൻ തീരുമാനിച്ച ഈ സാഹചര്യത്തിൽ നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെയും, വട്ടേക്കാട് ജി.യു.പി. സ്കൂളിന്റെയും നിർമ്മാണ പ്രവൃത്തികൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | നെന്മാറ ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ 5 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിന്റെ എസ്.പി.വിയായി 'കൈറ്റി'നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം 71% പൂർത്തിയായിട്ടുണ്ട്. ഹൈസ്കൂൾ ബ്ലോക്കിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഹൈസ്കൂൾ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തി യായാൽ ആഡിറ്റോറിയം ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്. വട്ടേക്കാട് ഗവ. യു.പി.സ്കൂളിന്റെ ഒരു ബ്ലോക്കിന്റെ നിർമ്മാണം സ്കൂൾ തുറക്കുന്നതിന് മുൻപായി പൂർത്തിയാക്കുമെന്നും, അവശേഷിക്കുന്നത് ഡിസംബർ മാസത്തോടെ പൂർത്തിയാക്കാനാകുമെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കുവാൻ നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | നെന്മാറ ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ 5 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിന്റെ എസ്.പി.വിയായി 'കൈറ്റി'നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം 71% പൂർത്തിയായിട്ടുണ്ട്. ഹൈസ്കൂൾ ബ്ലോക്കിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഹൈസ്കൂൾ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായാൽ ആഡിറ്റോറിയം ബ്ലോക്കിന്റെ നിർമ്മാണം |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതാണ്. വട്ടേക്കാട് ഗവ. യു.പി.സ്കൂളിന്റെ ഒരു ബ്ലോക്കിന്റെ നിർമ്മാണം സ്കൂൾ തുറക്കുന്നതിന് മുൻപായി പൂർത്തിയാക്കുമെന്നും, അവശേഷിക്കുന്നത് ഡിസംബർ മാസത്തോടെ പൂർത്തിയാക്കാനാകുമെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കുവാൻ നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ